7. ശ്രീ. വി. കെ. സി. മമ്മത് കോയ
8. ,, എ. സി. മൊയ്തീൻ
9. ,, പി. നാരായണൻ
10. ,, കെ. രാധാകൃഷ്ണൻ
11. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

അനുകൂലിക്കുന്നവർ .. 19

പ്രതികൂലിക്കുന്നവർ .. 11

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ .. 19

പ്രതികൂലിക്കുന്നവർ .. 11

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2. 2003-ലെ കേരള പാരമ്പര്യ കലാപ്രവർത്തക ക്ഷേമനിധി ബിൽ

(ശ്രീ. കെ. രാധാകൃഷ്ണൻ നോട്ടീസ് നൽകിയത്—ചർച്ച തുടർച്ച)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, എന്റെ 2003-ലെ കേരള പാരമ്പര്യ കലാപ്രവർത്തക ക്ഷേമനിധി ബില്ലിന്റെ ചർച്ച തുടരുകയാണ്. ഞാൻ ഈ ബിൽ അവതരിപ്പിച്ച സന്ദർഭത്തിൽ പറഞ്ഞ കാര്യങ്ങൾ വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഈ ബിൽ അവതരിപ്പിച്ചപ്പോൾ അതിന് മറുപടി പറഞ്ഞത് അന്നത്തെ പാർലമെന്ററി അഫയേഴ്സ് മിനിസ്റ്റർ ശ്രീ. എം. എം. ഹസ്സനായിരുന്നു. അന്ന് അതിന്റെ concerned മിനിസ്റ്റർ എന്റെ പ്രിയപ്പെട്ട ശ്രീ. ജി. കാർത്തികേയനായിരുന്നു. ഇപ്പോൾ രണ്ടുപേരും ഈ സഭയിൽ ഹാജരാണ്. രണ്ടുപേരും മന്ത്രിമാരല്ലാതായി. ഞാൻ ബഹുമാനപ്പെട്ട മന്ത്രി എം. എം. ഹസ്സനോട് അന്ന് പറഞ്ഞതാണ്. നമ്മുടെ സമൂഹത്തിലെ ഏകദേശം അഞ്ചു ലക്ഷത്തോളം വരുന്ന, വിവിധ പാരമ്പര്യ കലാപ്രവർത്തനങ്ങൾ ചെയ്തു ഉപജീവനം നടത്തിവരുന്ന, അവശരായ ആളുകൾക്കുവേണ്ടിയുള്ള ഈ ക്ഷേമനിധി ബിൽ അംഗീകരിക്കണമെന്ന്. അദ്ദേഹം നിർദ്ദാക്ഷിണ്യം ആ ബില്ലിനെ എതിർക്കുകയാണ് ചെയ്തത്. ഒരുപക്ഷേ ആ പാരമ്പര്യ കലാകാരന്മാരുടെ ശാപം കൊണ്ടാണോ എന്ന് അറിയില്ല ഇപ്പോൾ അവർക്ക് മന്ത്രിമാരല്ലാതാകേണ്ട ഗതികേട് വന്നു. എനിക്ക് ബഹുമാനപ്പെട്ട തിരുവഞ്ചൂരിനോടും പറയാനുള്ളത്, ദൗർഭാഗ്യവശാൽ ഇപ്പോൾ തിരുവഞ്ചൂരാണ് ആ വകുപ്പ് കൈകാര്യം ചെയ്യുന്നത്. അദ്ദേഹത്തിനും ആ സ്ഥിതി വരാതിരിക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാനും തിരുവഞ്ചൂരും തമ്മിൽ ഒരു വ്യത്യാസമുണ്ട്. അദ്ദേഹം പാരമ്പര്യമായിട്ട് ഒരു കലാകാരനാണ്. ഞാനാണെങ്കിൽ അങ്ങനെയല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ : ഏത് കലയാണെന്നുകൂടി വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : അത് ഊഹിച്ച് എടുക്കാവുന്നതാണല്ലോ.

ശ്രീ. കെ. രാധാകൃഷ്ണൻ : എന്തായാലും ഈ ബിൽ വളരെ ഗൗരവത്തോടുകൂടി തന്നെ എടുക്കണമെന്നാണ് പ്രിയപ്പെട്ട തിരുവഞ്ചൂരിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എന്റെ കല ഏതായാലും കൊലയല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അപ്പോൾ ബഹുമാനപ്പെട്ട ഹസ്സന്റെ കല കൊലയാണെന്നാണോ അങ്ങ് സൂചിപ്പിക്കുന്നത്?

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഈ സന്ദർഭം ഏറെ ഉചിതമാണെന്നു ഇപ്പോഴെങ്കിലും ബോദ്ധ്യപ്പെടുമെന്നു വിശ്വസിക്കുന്നു. കാരണം ജാതിയുടെ പേരിൽ സോപാന സംഗീതം ആലപിക്കാൻ അവസരം നിഷേധിച്ചിരുന്നതു സംബന്ധിച്ച ഒരു വിലാപം കഴിഞ്ഞ ദിവസം പത്രങ്ങളിലൂടെ ബഹുമാനപ്പെട്ട കാർത്തികേയനെ പോലുള്ള കലാസാഹിത്യ ആസ്വാദകന്മാരായ രാഷ്ട്രീയക്കാർക്കും ബോധ്യപ്പെട്ടുകാണും എന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ജാതിയുടെ പേരിൽ രാമപ്പൊതുവാളിന്റെ മകൻ ശ്രീ. ഹരിഗോവിന്ദന് സോപാന സംഗീതം പാടാൻ കഴിയാത്ത സ്ഥിതി നമ്മളൊക്കെ രാജ്യം ഭരിക്കുന്ന സാഹചര്യത്തിൽ നിലനില്ക്കുന്നു എന്നുള്ളത് വളരെ ഗൗരവകരമാണ്. അങ്ങനെ നമ്മൾ പരിശോധിക്കുമ്പോൾ ഈ ബില്ലിന് വളരെ പ്രസക്തിയുണ്ടെന്ന് ബോദ്ധ്യപ്പെട്ടുകൊണ്ട് അങ്ങയുടെ സഹപ്രവർത്തകൻ തന്നെ ഒരു പാരമ്പര്യകലാകാരനാണെന്ന അവകാശവാദം ഉന്നയിക്കുകയും ഞങ്ങൾ സസന്തോഷം അംഗീകരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, ഇത്തരം ഗൗരവകരമായ സാഹചര്യം സമൂഹത്തിൽ നിലനില്ക്കുമ്പോൾ, ഇവരെ സംരക്ഷിക്കുവാനും ഇത്തരം ഉച്ചനീചത്വങ്ങൾ ഒഴിവാക്കിയെടുക്കുവാനും നമ്മുടെയൊക്കെ പിതാമഹന്മാർ നടത്തിയ പോരാട്ടങ്ങളുടെ പാത പിൻതുടർന്നുകൊണ്ട് ഈ ബില്ല് അംഗീകരിച്ച് ഇത്തരം അവിവേകങ്ങൾ സമൂഹത്തിൽ ഒഴിവാക്കുവാനുമുള്ള പരിശ്രമത്തിന് സർക്കാർ സദയം സഹകരിക്കുകയല്ലേ വേണ്ടത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ പരിഷ്കാരത്തിന്റെ എത്ര നൂറ്റാണ്ടുകൾ പിന്നിട്ടാലും ചിലരുടെ ഹൃദയത്തിനകത്ത് ഇതിന്റെ കറുത്ത വശം നിലനില്ക്കും. ആ കറുത്ത വശത്തിനെതിരേ പോരാടേണ്ടത് ചില ആളുകളുടെ ഉത്തരവാദിത്വമാണെന്ന് പറഞ്ഞ് ഒഴിയുകയല്ല ചെയ്യേണ്ടത്. പൊരുതുവാനുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കും ഉണ്ട്. ആ പോരാട്ടത്തിൽ നമുക്ക് ഒരുമിച്ച് നീങ്ങണം. അതുമാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട ദേവകുമാർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനമായ ഒരു കാര്യമാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാന്യനായ ദേവകുമാർ ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമായവയാണ്. ശ്രീ. ഹരിഗോവിന്ദന്റെ കാര്യം, അദ്ദേഹം ശ്രീ. പി. ടി. തോമസ് ചെയർമാനായ സംസ്കൃതിയുടെ കോട്ടയത്തു നടന്ന സംസ്ഥാന സമ്മേളനത്തിൽ വച്ചാണ് വികാരപരമായി ഈ കാര്യം പറഞ്ഞ് ജോലിയിൽനിന്ന് രാജിവച്ചത്. അതിനു ശേഷം അദ്ദേഹം പൊതുവേദികളിൽ സോപാനസംഗീതം

അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ് തിരുവനന്തപുരത്ത് ഡോ. സുകുമാർ അഴിക്കോടിന് എഴുത്തച്ഛൻ പുരസ്കാരം നല്കിയ ചടങ്ങിൽ അദ്ദേഹം സോപാന സംഗീതം അവതരിപ്പിക്കുകയുണ്ടായി. ആ കാര്യം ശ്രീ. രാധാകൃഷ്ണന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ നേരത്തേ പറഞ്ഞു ബഹുമാനപ്പെട്ട ദേവകുമാർ പറഞ്ഞ കാര്യം പ്രസക്തിയുള്ളതാണ്. കൃഷ്ണനാട്ടമെന്ന പേരിൽ ഗുരുവായൂര് പ്രധാനപ്പെട്ട ഒരു കലാരൂപം ഉണ്ട്. അവിടെ ഇപ്പോഴും അവർണ്ണ-സവർണ്ണ വ്യത്യാസം നിലനില്ക്കുകയാണ്. നമ്മുടെ കലകളിൽ ഇപ്പോഴും പണ്ടത്തെപ്പോലെതന്നെ ചില കലകളിലെങ്കിലും അവർണ്ണ-സവർണ്ണ വ്യത്യാസം നിലനിർത്തിപ്പോരാൻവേണ്ടി ചില ആളുകൾ ശ്രമിച്ചിരുന്നു. ഇതിന് എതിരായി നേരത്തേ ഇവിടെ പറഞ്ഞതുപോലെ നമുക്കെല്ലാവർക്കും കൂട്ടായി ശ്രമിക്കേണ്ടതാണ്. ഞാൻ ഇവിടെ പറഞ്ഞു വരുന്നത് നമ്മുടെ പാരമ്പര്യ കലാരൂപങ്ങളെ സംരക്ഷിക്കുവാനും അത് നിലനിർത്താനും കഴിയണമെന്നുണ്ടെങ്കിൽ ആ കലാകാരന്മാരെയും സംരക്ഷിക്കുവാൻ നമുക്ക് കഴിയണം. ആ കലാകാരന്മാരെ സംരക്ഷിക്കുവാൻ കഴിയുന്ന ക്ഷേമ പദ്ധതികൾ ഒന്നുംതന്നെ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നിലവിലില്ല. ബഹുമാനപ്പെട്ട ജി. കാർത്തികേയൻ മന്ത്രിയായിരുന്ന സമയത്ത് പാരമ്പര്യ കലാകാരന്മാരെ, അവശതയനുഭവിക്കുന്ന ആളുകളെ സഹായിക്കുവാൻ വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ ഏകദേശം ഇരുപത്തിയഞ്ചു ലക്ഷം രൂപയാണ് മാറ്റിവച്ചിരുന്നത്. അത് അപര്യാപ്തമാണെന്ന് ഞങ്ങൾ അന്നുതന്നെ പറഞ്ഞിരുന്നു. അത് വളരെ തുച്ഛമാണ്. നമുക്കറിയാം. പാരമ്പര്യ കലാകാരന്മാരായിട്ടുള്ള ആളുകൾ, അവശതയനുഭവിക്കുന്ന ആളുകൾ പതിനായിരക്കണക്കിനുണ്ട്. അവർക്കുവേണ്ടി കേവലം ഇരുപത്തിയഞ്ചു ലക്ഷം രൂപ ബജറ്റിൽ മാറ്റിവച്ചു കഴിഞ്ഞാൽ ഒന്നിനും തികയുകയില്ല. അത് അപര്യാപ്തമാണെന്നു കണ്ടുകൊണ്ട് അവർക്കുവേണ്ടി സമഗ്രമായിട്ടുള്ള ക്ഷേമനിധിയും ക്ഷേമ പദ്ധതിയുമാണ് നടപ്പിലാക്കേണ്ടത്. അതിനുവേണ്ടിയുള്ള ശ്രമമാണ് നമ്മൾ നടത്തേണ്ടത്. ബഹുമാനപ്പെട്ട കാർത്തികേയൻ സാംസ്ക്കാരിക മന്ത്രിയായിരുന്ന സമയത്ത് അതിനുവേണ്ടിയുള്ള ശ്രമം ആരംഭിച്ചിരുന്നു. 'ഇല്ല' എന്നൊന്നും പറയുന്നില്ല. അന്ന് ബഹുമാനപ്പെട്ട മന്ത്രി ഹസ്സൻ ഈ ബില്ലിന്റെ അവതരണത്തെ ഇവിടെ നിഷേധിച്ച സമയത്തുതന്നെ അങ്ങ് പുറത്തു പ്രസംഗിച്ചു, പാരമ്പര്യ കലാകാരന്മാർക്ക് അവരുടെ അവശത പരിഹരിക്കുവാൻ വേണ്ടി അവർക്ക് ക്ഷേമനിധി കൊണ്ടുവരുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ് അല്ലെങ്കിൽ പരിഹരിക്കുന്നതാണെന്ന്. അത് ശക്തമായി നടപ്പിലാക്കണമെന്നുള്ളതാണ് എന്റെ ഈ ബില്ലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. നമ്മുടെ തനതായ പല കലാരൂപങ്ങളും ഇന്ന് വേണ്ടവിധത്തിലുള്ള പരിഗണന ലഭിക്കാതെ തകർന്നടിഞ്ഞുകൊണ്ടിരിക്കുകയാണ്. അവർക്ക് പരിഗണന കൊടുക്കുന്നതിനുവേണ്ടി നമുക്ക് കഴിയുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അവരെ പരിഗണിക്കുന്നതിനു വേണ്ടിയുള്ള ഒരു ശ്രമം നമ്മുടെ സമൂഹത്തിൽനിന്ന് ഉയർന്നു വരേണ്ടതാണ്. അത് നമ്മൾ ചെയ്തില്ലെങ്കിൽ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സകല നല്ല കലാരൂപങ്ങളും നാടൻ കലാരൂപങ്ങളുമെല്ലാം മണ്ണടിഞ്ഞു പോകുകയും അത് നമ്മുടെ സംസ്ക്കാരത്തെത്തന്നെ ബാധിക്കുകയും ചെയ്യും. നമുക്കറിയാം നമ്മുടെ പൈതൃകവും നമ്മുടെ പില്ക്കാലവുമൊക്കെത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിച്ച് മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയണമെന്നുണ്ടെങ്കിൽ ഈ പാരമ്പര്യമായിട്ടുള്ള കലകളെയും അതിന്റെ കലാകാരന്മാരെയുമെല്ലാം തന്നെ പരമാവധി പരിപോഷിപ്പിക്കുവാനും അവരെ സഹായിക്കുവാനുമുള്ള സമീപനം നമ്മൾ സ്വീകരിക്കേണ്ടതാണ്. നമ്മുടെ പല കലാകാരന്മാരും പാരമ്പര്യകലയുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിച്ചു വരുന്നുണ്ട്. അവർ അവതരിപ്പിക്കുന്ന കലാരൂപം സമൂഹം വളരെ നല്ല രീതിയിൽ ആസ്വദിക്കാറുമുണ്ട്, പല ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും ഈ കലാകാരന്മാരുടെ പരിപാടിയെല്ലാം കണ്ട് നമ്മളെല്ലാം വളരെ ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. പലപ്പോഴും അവർക്ക് ജോലി കിട്ടുന്നത് ഇങ്ങനെയുള്ള ഓരോ സീസണിലാണ്. മിക്കവാറും കലാകാരന്മാർക്ക് അഞ്ചോ ആറോ മാസക്കാലമാണ് ജോലി കിട്ടുന്നത്. അല്ലെങ്കിൽ അവരുടെ കലാപരിപാടി അവതരിപ്പിക്കുവാനുള്ള അവസരങ്ങൾ ലഭിക്കുന്നത്. പിന്നീടുള്ള അഞ്ച്-ആറ് മാസക്കാലം കഷ്ടപ്പാടിന്റെയും വറുതിയുടേയും കാലഘട്ടമാണ്. ഈ അഞ്ച്-ആറ് മാസക്കാലത്തിനിടയിൽ കിട്ടുന്നതുകൊണ്ട് മാത്രം അവർക്ക് വരുന്ന ആറുമാസക്കാലം കഴിയാനുള്ള വരുമാനമുണ്ടാക്കാനില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ആറു മാസമാണ് തൊഴിൽ. ആറു മാസക്കാലം തൊഴിലൊന്നുമില്ലാതെ പട്ടിണിയും പരിവട്ടവുമായിട്ട് കഴിയുകയാണ്. ആ സന്ദർഭത്തിൽ അവരെ സഹായിക്കുവാൻ വേണ്ടി നമുക്കു കഴിയണം. ആ ആറു മാസക്കാലം അവരുടെ ജീവിതം എന്താണെന്നുള്ളതിനെ സംബന്ധിച്ച് നമ്മൾ പരിശോധിക്കുമ്പോഴാണ് വളരെ ദുരിതപൂർണ്ണമായ അവസ്ഥയിൽ കഴിയുന്നു എന്നു കാണാൻ കഴിയുന്നത്. ഞാൻ ഇവിടെ ബില്ലു കൊണ്ടുവരാൻ പ്രധാനപ്പെട്ട കാരണം ഇങ്ങനെ അവശതയനുഭവിക്കുന്ന കലാകാരന്മാരുടെ ഒരു ചടങ്ങിൽ പങ്കെടുത്തപ്പോഴാണ് അവരുടെ അവസ്ഥ മനസ്സിലാക്കാൻ കഴിഞ്ഞത് എന്നതാണ്. അതായത് അവർക്ക് പൊന്നാട കൊടുക്കുവാനും ആദരിക്കുവാനുമെല്ലാം നമ്മൾ പോകുന്നുണ്ട്. ആ പൊന്നാട കൊടുക്കുന്നത്, അത് പൊന്നാടയല്ലാതെ പൈസയായി കൊടുത്തിരുന്നുവെങ്കിൽ ഒരു ആഴ്ചത്തെ റേഷൻ വാങ്ങാൻ കഴിയുമായിരുന്നു എന്നു പറയുന്ന നമ്മുടെ പാരമ്പര്യ കലാകാരന്മാരുണ്ട്. അപ്പോൾ അവരുടെ അവസ്ഥ എന്താണെന്ന് അതിലൂടെതന്നെ വ്യക്തമാകുകയാണ്. അത്തരം കലാകാരന്മാരെ സഹായിക്കുവാൻവേണ്ടി നമുക്ക് കഴിയണം. നമുക്ക് അറിയാം, പല കലാകാരന്മാരും അവർ ആ കല പഠിക്കുന്നതിനുവേണ്ടി ഒരുപാട് പ്രയാസപ്പെടുന്നുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : പാരമ്പര്യ കലയുമായി ബന്ധപ്പെട്ട് നില്ക്കുന്ന പല ആളുകളും ജീവിക്കുവാൻ വളരെ പ്രയാസമനുഭവിക്കുന്ന ആളുകൾ തന്നെയാണ്. തർക്കമില്ല. ജീവിത പ്രയാസത്തിനിടയിലും അവരിൽ പല ആളുകളും പാരമ്പര്യ കലാരംഗത്ത് പുതിയ ഗവേഷണം നടത്തി പുതിയ കാര്യങ്ങൾ കണ്ടെത്താൻ വേണ്ടി ശ്രമിക്കുന്നുണ്ട്. എന്റെ നാട്ടിൽ രാധാകൃഷ്ണമാരാർ, എന്ന ഒരു ചെണ്ട വിദഗ്ദ്ധൻ, കേരളത്തിൽ പ്രശസ്തനാണ്. അദ്ദേഹം നവക്കൂർ എന്ന പേരിൽ ഒരു പുതിയ താളം സൃഷ്ടിച്ചു. ചെണ്ട വാദ്യത്തിൽ ഒരു പുതിയ താളമാണ്. ഈ നവക്കൂർ പോലെ പുതുതായി ശാസ്ത്രീയമായി കണ്ടുപിടിച്ചിട്ടുള്ള താളം സംരക്ഷിക്കുകയും ഇതു കണ്ടുപിടിക്കുന്നതിനുവേണ്ടി വളരെയേറെ പണിപ്പെടേണ്ടിവരികയും ചെയ്ത കലാകാരന്മാരുടെ ജീവിത ആവശ്യങ്ങളുടെ നിവൃത്തിക്കുവേണ്ടി ചെയ്യാവുന്ന കാര്യങ്ങളും, ഇതുരണ്ടും ഒന്നിച്ച് ഈ ബില്ലിന്റെ ഭാഗമായിട്ട് നടക്കണം. ഇങ്ങനെ ഇതു രണ്ടും കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു പരിശ്രമം നടത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ടി. കെ. ദേവകുമാർ : സർ, കേരളത്തിൽ വളരെ അനന്തമായ സാദ്ധ്യതകളുള്ള ഒരു മേഖലയായി ടൂറിസം വളർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലേയ്ക്കു വരുന്ന വിദേശ ടൂറിസ്റ്റുകൾക്ക് നമ്മുടെ തനതായ പാരമ്പര്യ കലകൾ കാണാൻ ടൂറിസം വികസനത്തിന്റെ ഭാഗമായി അവസരം ഉണ്ടാക്കിയാൽ ഈ പാരമ്പര്യമായ കലകൾ സംരക്ഷിക്കപ്പെടും. അങ്ങ് വിശദീകരിച്ചതുപോലെ ആറുമാസം പട്ടിണി കിടക്കാതിരിക്കാൻ ആ കാലയളവ് ഉൾപ്പെടെ തരണം ചെയ്യുന്നതിന് അവർക്ക് മോശമല്ലാത്ത വരുമാനമുണ്ടാക്കിക്കൊടുത്തുകൊണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നമ്മുടേതായിട്ടുള്ള പാരമ്പര്യകല അവതരിപ്പിക്കുവാനുള്ള അവസരം സൃഷ്ടിച്ചാൽ അവരെ സംരക്ഷിക്കുവാനും കലയെ സംരക്ഷിക്കുവാനും കഴിയുന്ന സംരംഭമായി മാറുകയില്ലേ എന്നുകൂടി പരിശോധിക്കുവാൻ കഴിയണം.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, രണ്ടു ബഹുമാനപ്പെട്ട മെമ്പർമാരും പറഞ്ഞ കാര്യം പരിശോധിക്കേണ്ടതു തന്നെയാണ്. ശ്രീ. കുഞ്ഞിരാമൻ പറഞ്ഞതുപോലെ ഇത്തരം കലാകാരന്മാരെ വേണ്ടത്ര പരിഗണിക്കുന്നില്ല എന്ന് നേരത്തേ ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും വലിയ ഉദാഹരണമാണ് എന്റെ മണ്ഡലത്തിലെതന്നെ തിച്ചൂർ വാസുദേവ വാര്യർ. മദ്ദളത്തിൽ കേരളത്തിലെ ഏറ്റവും പ്രഗത്ഭനായിട്ടുള്ള ആളായ ശ്രീ. വാസുദേവ വാര്യരുടെ സ്ഥിതി എന്നു പറയുന്നത് വളരെ കഷ്ടമാണ് പെൻഷൻ കിട്ടുന്നതിനെ ആശ്രയിച്ചാണ് മിക്കവാറും അദ്ദേഹത്തിന്റെ ജീവിതം മുന്നോട്ടു പോകുന്നത്. വേണ്ടത്ര പരിഗണന അദ്ദേഹത്തിന് ലഭിക്കുന്നില്ല. അതുപോലെതന്നെ അപ്പുക്കുട്ടി പൊതുവാൾ തിരുവില്വാമലയിലെ ഏറ്റവും പ്രശസ്തനായിട്ടുള്ള കലാകാരനാണ്. 80 വയസ്സ് കഴിഞ്ഞു. വേണ്ടത്ര പരിഗണന കിട്ടുന്നില്ല. അവരെല്ലാം അവരുടെ ജീവിതം വളരെ ചെറുപ്പം മുതൽക്കുതന്നെ കലയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചവരാണ്.

ശ്രീ. ജി. കാർത്തികേയൻ : പാരമ്പര്യ കലാകാരന്മാരെ നമ്മൾ സംരക്ഷിക്കണം. അവരുടെ ജീവിതത്തിന് മോചനം കൊടുക്കണമെന്ന അങ്ങയുടെ നിർദ്ദേശത്തോട് പൂർണ്ണമായി ഞാൻ യോജിക്കുന്നു. ഗവൺമെന്റിന് അക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. കൂട്ടത്തിൽ നമ്മുടെ പാരമ്പര്യ കലകൾക്ക് ഇത്തരത്തിൽ ക്ഷയം സംഭവിക്കുവാനുള്ള കാരണമെന്ത്? അത് കേരളീയർ പൂർണ്ണമായും പാരമ്പര്യ കലകളെ ക്ഷേത്രങ്ങളിൽനിന്നുപോലും തിരസ്കരിച്ചതുകൊണ്ടാണെന്ന് അങ്ങ് ശ്രദ്ധിച്ചിട്ടില്ലേ? നമ്മുടെ ക്ഷേത്ര അങ്കണങ്ങളിൽ പലയിടത്തും ഉത്സവവുമായി ബന്ധപ്പെട്ട് സിനിമാറ്റിക് ഡാൻസും ബ്രേക്ക് ഡാൻസും നടക്കുന്നു. അവിടെപ്പോലും ഇന്ന് പാരമ്പര്യ കലകൾ ഇല്ല. അതുകൊണ്ട് ഇത്തരം കലാകാരന്മാർക്കുവേണ്ടി ഗവൺമെന്റ് ക്ഷേമനിധി ഏർപ്പെടുത്തുകയോ ഏതെങ്കിലും തരത്തിൽ സഹായം നൽകുകയോ ചെയ്താലും ഈ കല നിലനില്ക്കണമെങ്കിൽ മലയാളികൾ ഈ പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കുകകൂടി വേണം. ഏറ്റവും കുറഞ്ഞത് ക്ഷേത്രകലകൾ എന്നുള്ള നിലയ്ക്ക് ദേവാലയങ്ങളിൽപ്പോലും അവയ്ക്ക് വേദി ഒരുക്കാൻ ആരും തയ്യാറാകുന്നില്ല. നമ്മുടെ നാട്ടിൽ അമ്പലക്കമ്മിറ്റികൾപോലും അതിനു തയ്യാറാകുന്നില്ല എന്നുള്ളതാണ് ഇതിന്റെ പ്രധാന കാരണമെന്ന് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അത് ശരിതന്നെ. അങ്ങ് പറഞ്ഞത് ശരിതന്നെ. പലപ്പോഴും സിനിമാറ്റിക് ഡാൻസ് ആണ് ഉത്സവപ്പറമ്പിലെല്ലാം കാണുന്നത്. അതിനു മാറ്റം വരുത്തണം. ഞാൻ നേരത്തേ പറഞ്ഞു ഏതു കലാകാരനും വളരെ പ്രയാസപ്പെട്ടിട്ടാണ് ഈ കല അഭ്യസിക്കുന്നത്. വളരെ ചെറുപ്പത്തിൽത്തന്നെ അവരുടെ ജീവിതം ഇതിനുവേണ്ടി സമർപ്പിച്ചുവെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള കല അഭ്യസിക്കുവാനും അതിൽ പരിശീലനം ലഭിക്കുവാനും അത് പ്രകടിപ്പിക്കുവാനുമൊക്കെ കഴിയുകയുള്ളൂ. വലിയ പ്രയാസം അനുഭവിച്ചുകൊണ്ട് ഈ കല അഭ്യസിച്ച ആളുകൾക്ക് ആ രംഗത്ത് പിടിച്ചു നില്ക്കുവാൻ കഴിയാത്ത സ്ഥിതി ഇപ്പോൾ നിലനില്ക്കുന്നുണ്ട്. കഥകളി, കൂടിയാട്ടം, കുച്ചുപ്പുടി തുടങ്ങിയ നമ്മുടെ കലാരൂപങ്ങൾ മനസ്സിലാക്കണമെങ്കിൽ ഒരുപാട് കാലത്തെ ശ്രമകരമായ പ്രവർത്തനം വേണം. അത്രയും കാലം എല്ലാം പഠിച്ചുകഴിഞ്ഞ് പുറത്തുവന്നു കഴിഞ്ഞാൽ അവർക്ക് യാതൊരു സംരക്ഷണവും ലഭിക്കാത്തതിന്റെ ഫലമായി, എനിക്കറിയാം, ഇപ്പോൾ ആട്ടോറിക്ഷ ഓടിക്കുന്ന ആളുകളുമുണ്ട്. അഞ്ചും എട്ടും വർഷക്കാലം കഥകളിയും കൂടിയാട്ടവും അഭ്യസിച്ച് ഈ രംഗത്ത് പിടിച്ചു നില്ക്കുവാൻ കഴിയാതെ കൂലിപ്പണിക്കു പോകുന്ന ആളുകളുണ്ട്. അത് അവരെ സംരക്ഷിക്കുവാൻ യാതൊരു നിലപാടും നമ്മൾ സ്വീകരിക്കാത്തതുകൊണ്ടാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ അവതരണാനുമതി തേടുന്ന ഈ ബില്ല് പാസ്സായാൽ ഏറ്റവുമധികം സന്തോഷിക്കുന്ന ആളായിരിക്കും ഞാൻ. ഏറ്റവുമധികം പാരമ്പര്യ കലാകാരന്മാരും കലാകാരികളുമുള്ള, കാവുകൾ ഏറ്റവും കൂടുതലുള്ള മണ്ഡലമാണ് പയ്യന്നൂർ മണ്ഡലം. ഈ പറയുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട പല മെമ്പർമാരും തെയ്യം കലാകാരന്മാർ അല്ലെങ്കിൽ അടിസ്ഥാനകലകളും പാരമ്പര്യകലകളും കലാകാരന്മാർ എന്നു മാത്രമേ പറയുന്നുള്ളൂ. എന്റെ മണ്ഡലത്തിൽ തെയ്യം കെട്ടുന്ന സ്ത്രീകളുണ്ട്. വളരെ പ്രശസ്തരായിട്ടുള്ള തെയ്യം കലാകാരികളുമുണ്ട്. കലാകാരന്മാർ എന്നു മാത്രമല്ല, കലാകാരികളും കൂടിയുണ്ട്. അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടു വേണം അങ്ങ്
12.00 Noon] സംസാരിക്കുവാൻ എന്നാണ് എന്റെ വിനീതമായ അഭിപ്രായം. തീർച്ചയായും കലാകാരികളും ഇതിൽപ്പെടും. ഞാൻ വിചാരിച്ചത് രണ്ടും ഒന്നാണെന്നാണ്. ടീച്ചർ പറഞ്ഞപ്പോഴാണ് രണ്ടും രണ്ടാണെന്ന് മനസ്സിലായത്.

ശ്രീ. കെ. ശങ്കരനാരായണൻ: ടീച്ചർ പറഞ്ഞാലെങ്കിലും രാധാകൃഷ്ണൻ അത് മനസ്സിലാക്കണം. രണ്ടും രണ്ട് തന്നെയാണ്. കലാകാരന്മാരും കലാകാരികളും രണ്ടും രണ്ടാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: ശരി, അങ്ങനെ തന്നെ ഉൾപ്പെടുത്താം. ടീച്ചർ പറഞ്ഞത് ശരിയാണ് നമ്മുടെ വടക്കൻ മേഖലയിൽ തെയ്യത്തിന്റേയും തിറയുടേയും.....

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം സംസാരിക്കുമ്പോൾ ഒരു സ്ത്രീ വിദ്വേഷപരമായ സമീപനം സ്വീകരിക്കുന്നു എന്നുള്ളത് ശ്രീമതി ശ്രീമതിടീച്ചർ ചൂണ്ടിക്കാണിച്ചത് അങ്ങയുടെ സ്വന്തം അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ആണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടോ?

ശ്രീ. ടി. കെ. ദേവകുമാർ: സർ, അദ്ദേഹം സ്ത്രീവിരോധിയെന്നുള്ള നിലയിലല്ല, സ്ത്രീകളെക്കുറിച്ച് ഓർക്കാൻ മറന്നുപോയ ഒരു ആളാണ് എന്ന തരത്തിൽ ഓർമ്മിപ്പിക്കുകയായിരുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പണ്ടൊക്കെ പഴയ നേതാക്കൻമാർക്ക് പാർട്ടി ഇടപെട്ട് വിവാഹം നടത്തിക്കൊടുത്തിട്ടുള്ള ഒരുപാട് സംഭവങ്ങളുണ്ട്. അതുപോലെ എനിക്ക് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കാനുള്ളത് ശ്രീ. രാധാകൃഷ്ണന്റെ കാര്യത്തിൽ പാർട്ടി ഇടപെട്ട് ഒന്ന് മുൻകൈ എടുക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ആലോചിച്ചിട്ടില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ശ്രീ. എം. എം. ഹസ്സൻ ഉൾപ്പെടെ, ശ്രീ. പി. ടി തോമസ് ഉൾപ്പെടെ, ശ്രീ. രാധാകൃഷ്ണന്റെ ലീഡർ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെ വേവലാതിപ്പെടേണ്ട. ഞങ്ങൾ ഇക്കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ട്. ശ്രീ. രാധാകൃഷ്ണൻ വൈകാതെ തന്നെ ഇക്കാര്യത്തിലേക്ക് പോകും. ഈ സഭയിൽ വെളിപ്പെടുത്താൻ പാടില്ല എന്നുള്ളതുകൊണ്ട് വെളിപ്പെടുത്തുന്നില്ല. തൃശ്ശൂർ ജില്ലയിൽ നിന്നു തന്നെ ചില കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി, 2006-ലെ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് തന്നെ ബഹുമാന്യനായ രാധാകൃഷ്ണന് ഒരു സഹധർമ്മിണിയെ ഉണ്ടാക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഇവിടെ ഈ ചർച്ച വഴി വിട്ടുപോകുന്നു. അതിനെപ്പറ്റിയല്ല എനിക്ക് പറയാനുള്ളത്. കലാകാരൻ എന്ന പദ പ്രയോഗം ശ്രീ. കെ. രാധാകൃഷ്ണൻ നടത്തിയതിനെത്തുടർന്ന് ശ്രീമതി ശ്രീമതിടീച്ചർ ഉന്നയിച്ച ഒരു സംശയത്തിന്റെ വാലായിട്ട് കുറെ ഡിസ്കഷൻസ് ഇവിടെ വന്നു. ഞാൻ മലയാളം എം.എ. പാസ്സായ ആളായതുകൊണ്ട് പറയുകയാണ് കലാകാരന്മാർ എന്നുപറഞ്ഞാൽ അതിൽ ആണുങ്ങളും പെണ്ണുങ്ങളുമായിട്ടുള്ള കലാകാരന്മാർ വരും. മനുഷ്യർ എന്നുപറഞ്ഞാൽ അത് ആണുങ്ങൾ മാത്രമല്ല, ആണും പെണ്ണും ആണ്. ഇംഗ്ലീഷിൽ ഒരു ബുദ്ധിമുട്ട് വരുന്നുണ്ട്. ആ സ്ഥിതിക്ക് കലാകാരന്മാരുടെ കുടുംബം എന്നുപറഞ്ഞാൽ ആണുങ്ങളായിട്ടുള്ള കലാകാരന്മാരുടെ കുടുംബം എന്നല്ല. അതുകൊണ്ട് ആ പദപ്രയോഗത്തിൽ ഒരു തെറ്റുമില്ല എന്ന അഭിപ്രായം അറിയിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ ടീച്ചർ പറഞ്ഞതിനോട് യോജിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ ഇത് അവതരിപ്പിച്ചത്. മറ്റുള്ള കാര്യങ്ങളെക്കുറിച്ചൊന്നും കൂടുതൽ പറയുന്നില്ല. എന്റെ കാര്യമല്ല ഇവിടത്തെ വിഷയം. പാവപ്പെട്ട കലാകാരന്മാരുടേതാണ്. അതിലേക്ക് ചർച്ച മടങ്ങി വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തുയിലുണർത്തുപാട്ടും പുള്ളുവൻപാട്ടും കളമെഴുത്തു പാട്ടും കഥകളിയും കൂടിയാട്ടവും ഓട്ടൻതുള്ളലും .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കൂത്തിന്റേയും കൂടിയാട്ടത്തിന്റേയും ഉത്ഭവ സ്ഥാനത്ത് നിന്നുവരുന്ന ഒരു ആളാണ് ഞാൻ. അവിടെ പാരമ്പര്യകലകളെ സംബന്ധിച്ചുള്ള കാര്യത്തിൽ കൂത്ത്, കൂടിയാട്ടം തുടങ്ങിയ കാര്യങ്ങളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി തനിമ—ഇരിങ്ങാലക്കുട എന്നുള്ള പരിപാടിയിൽ ഇത്തരം കലകൾക്ക് മുഖ്യമായ സ്ഥാനം നൽകിയിരുന്നു. പരിപാടി കാണാൻ വിദേശത്ത് നിന്നുപോലും ആളുകൾ വന്നിരുന്നു. 12 ദിവസം നീണ്ടുനിന്ന പരിപാടിയായിരുന്നു. നമ്മുടെ നാട്ടിലെ ആളുകൾ അത് കാണാൻ എത്തി. ഗവൺമെന്റിന്റെ കുറച്ച് സഹായം കിട്ടി. ഇങ്ങനെയുള്ള കാര്യങ്ങൾ നമ്മൾ മുൻകൈയെടുത്ത് ഓരോ പ്രദേശത്തും നടത്തിയാൽ ഒരുപാട് മാറ്റം വരുത്താൻ കഴിയുമെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇരിങ്ങാലക്കുടയിൽ കണ്ടത്. അത്തരം കാര്യങ്ങളെക്കുറിച്ചു കൂടി പറയാൻ അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇരിങ്ങാലക്കുടയിൽ നടത്തിയതു പോലെയുള്ള പരിപാടികൾ എല്ലായിടത്തും നടത്താവുന്നതാണ്. ശ്രീ. ഉണ്ണിയാടൻ ഉണ്ണായിവാര്യരെ ഉയർത്തിക്കൊണ്ട് വന്നത് നല്ല കാര്യമാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഉണ്ണായിവാര്യരുമായി കുടുംബ ബന്ധമുള്ള ആളാണ് ശ്രീ. ഉണ്ണിയാടൻ എന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: ഉണ്ണായിവാര്യരുടെ കലാകേന്ദ്രം നന്നായി ടീച്ചർക്ക് അറിയാം. അത് ടീച്ചറുടെ പ്രദേശത്താണ്. അവിടെ നല്ല രീതിയിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞതുപോലെ തെയ്യവും തിറയും പടയണിയും ഉണ്ട്. പക്ഷേ അവർക്കൊന്നും വേണ്ടത്ര പരിഗണന കിട്ടുന്നില്ല. അവരുടെ പ്രയാസങ്ങൾ പരിഹരിക്കാൻവേണ്ടി ഒരു കാര്യവും ചെയ്യുന്നില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം. അതിന് പരിഹാരമുണ്ടാകണമെങ്കിൽ അവർക്ക് വേണ്ടിയുള്ള സമഗ്രമായ ക്ഷേമപദ്ധതി നടപ്പിലാക്കാൻ കഴിയണം. ആ സന്ദർഭത്തിൽ കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമെന്നുപറയുന്ന തൃശ്ശൂരിനെ കേന്ദ്രീകരിച്ചു കൊണ്ടു തന്നെയാണ് ക്ഷേമനിധി പ്രവർത്തനങ്ങൾ നടത്തേണ്ടത്. കേരള കലാമണ്ഡലം സ്ഥിതി ചെയ്യുന്നത്, തൃശ്ശൂരിലാണ്. എല്ലാ കലകളുടേയും കേന്ദ്രമാണ്. സകല കലകളേയും പോഷിപ്പിക്കാൻ കഴിയുന്ന ഒരു മഹത്തായ സ്ഥാപനമാക്കി കേരള കലാമണ്ഡലത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി വരികയാണ്. സാംസ്കാരിക സർവ്വകലാശാല തന്നെ കേരള കലാമണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട് ഉയർത്തിയെടുക്കാനുള്ള പരിശ്രമത്തിലാണ്. അതുകൊണ്ടുതന്നെ കലാകാരന്മാരെ സംരക്ഷിക്കാൻവേണ്ടി നടപ്പിലാക്കുന്ന ക്ഷേമനിധിയുടെ പ്രവർത്തനത്തിന്റെ കേന്ദ്രം തൃശ്ശൂർ തന്നെയായിരിക്കണമെന്നാണ് എനിക്ക് ബില്ലിലൂടെ അഭ്യർത്ഥിക്കാനുള്ളത്. വ്യത്യസ്ത തലങ്ങളിൽ അതിന്റെ റീജിയണൽ ഓഫീസുകൾ വരുന്നത് നല്ലതുതന്നെ. ഈ ചർച്ച ഇന്ന് ഇവിടെ അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ ഒരു ബിൽ കൂടി ഇന്ന് എടുക്കാനുണ്ട്. കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന വ്യത്യസ്ത മേഖലകളിലെ പാരമ്പര്യകലാകാരന്മാരേയും ടീച്ചർ പറഞ്ഞതുപോലെ

കലാകാരികളേയും സംരക്ഷിക്കാനുള്ള ഈ ബില്ലിനെക്കുറിച്ചുള്ള വിപുലമായ ചർച്ച ഇനിയും ഉണ്ടാകണം. നേരത്തെ ബഹുമാനപ്പെട്ട എം. എം. ഹസ്സനും ശ്രീ. ജി. കാർത്തികേയനും എടുത്ത സമീപനത്തിൽ നിന്ന് വ്യത്യസ്തമായി ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാറും സമീപിച്ച് ഈ ബിൽ ചർച്ച ചെയ്ത് അവസാനിക്കുന്നതോടുകൂടി ഗവൺമെന്റ് തന്നെ അംഗീകരിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, അടുത്ത ദിവസത്തേയ്ക്ക് ഈ ചർച്ച മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, പ്രസംഗം നിർത്തുകയാണ്.

(ചർച്ച തുടരും)

3. 2001-ലെ കേരള റൈറ്റ് ടു ഇൻഫർമേഷൻ ബിൽ

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയത്—ചർച്ച തുടർച്ച)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ച 2001-ലെ Kerala Right to Information Bill-ന് അന്നിവിടെ അവതരണാനുമതി നേടിയ സന്ദർഭത്തിൽ ബഹുമാന്യനായ അന്നത്തെ പാർലമെന്ററി അഫയേഴ്സ് മന്ത്രി ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത് ഈ ബില്ലിന് സമാനമായിട്ടുള്ളതോ അല്ലെങ്കിൽ ഇതിനേക്കാൾ നല്ലതോ ആയ ബില്ല് ഗവൺമെന്റ് തയ്യാറാക്കി ഇവിടെ അവതരിപ്പിക്കും, അതുകൊണ്ട് ഇതിന്റെ ആവശ്യമില്ല എന്നാണ്. ഈ ബില്ല് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ട് മൂന്ന് കൊല്ലമായി ഇതുവരെയായിട്ടും ഇതിന് സമാനമായ ബില്ല് കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറായില്ല. മാത്രമല്ല Right to Information നിയമം കൊണ്ടുവരുമെന്ന് യു.ഡി.എഫ്-ന്റെ മാനിഫെസ്റ്റോയിൽ പറഞ്ഞിരുന്നു. മറ്റ് പല സ്റ്റേറ്റുകളും ഇത്തരത്തിലുള്ള നിയമ നിർമ്മാണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. എന്നിട്ടും കേരളത്തിൽ നിയമനിർമ്മാണം കൊണ്ടുവരാൻ തയ്യാറാകുന്നില്ല. എനിക്ക് തോന്നുന്നത്, മുൻപൊക്കെ വെള്ളിയാഴ്ച അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾ അവതരിപ്പിക്കുമ്പോൾ ആ ബില്ലിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് മുൻപൊക്കെ മറുപടി പറഞ്ഞിരുന്നത് ബന്ധപ്പെട്ട മന്ത്രിമാരായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ഇവിടെ ബില്ല് കൊണ്ടുവരാൻ ബന്ധപ്പെട്ട വകുപ്പിന് പ്രേരണ കിട്ടുമായിരുന്നു. എന്നാൽ ഇപ്പോൾ എല്ലാ ബില്ലിനും കൊലയാളിയായിട്ട് രംഗത്ത് വരുന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹത്തിന് കല മാത്രമേയുള്ളൂ കൊലയില്ല എന്നുപറഞ്ഞു. പക്ഷെ ബില്ല് കൊലചെയ്യുന്ന ഏറ്റവും വലിയ കൊലയാളിയെന്നാണ് ശ്രീ. തിരുവഞ്ചൂർ അറിയപ്പെടുന്നത്. ബില്ലിനെ സംബന്ധിച്ച ക്രമീകരണത്തിന് മാറ്റം വരുത്തണം. ബന്ധപ്പെട്ട മന്ത്രിമാർ തന്നെ അനൗദ്യോഗികാംഗങ്ങളുടെ ബില്ലിന് അവതരണാനുമതി തേടുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ മറുപടി പറയുകയാണെങ്കിൽ, അതിന്റെയടിസ്ഥാനത്തിൽ ബില്ല് കൊണ്ടുവരും

LIBRARY ARCHIVES Kerala.Legislative Assembly